80011

OFFICE OF THE DIRECTOR OF PUBLIC INSTRUCTION
30 OCT 2017
THIRUVANANTHAPURAM

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-9-ാം ക്ലാസ്സിൽ തോൽക്കുന്ന കുട്ടികൾക്ക് 'സേ' പരീക്ഷ നടത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(കൈ) നം./133/2017/പൊ.വി.വ തീയതി,തിരുവനന്തപുരം, 28/10/2017

പരാമർശം:- (1) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 05.11.2016 ലെ സി ആർ എം പി നമ്പർ 1554/14/എൽ എ2/2015/കെ ഇ എസ് സി പി സി ആർ ഉത്തരവ്

G1P1

(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.10.2017 ലെ ക്യൂ ഐ പി1/41368/2016/ഡി പി ഐ നമ്പർ കത്ത്

ഉത്തരവ്

9-ാം ക്ലാസ്സിൽ തോൽക്കുന്ന കുട്ടികൾക്ക് 'സേ' പരീക്ഷ നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 9-ാം ക്ലാസ്സിൽ തോറ്റ വിദ്യാർത്ഥികൾക്കും മെയ് മാസത്തിൽ 'സേ' പരീക്ഷ നടത്തി ജൂൺ ആദ്യവാരം തന്നെ അർഹതപ്പെട്ടവർക്ക് 10-ാം ക്ലാസ്സിലേക്ക് . പ്രൊമോഷൻ നൽകുന്നത് ഉചിതമായിരിക്കുമെന്ന് പരാമർശം ( 2 ) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 9-ാം ക്ലാസ്സിൽ തോൽക്കുന്ന കുട്ടികൾക്കും 'സേ' പരീക്ഷ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.ഗോപാലകൃഷ്ണ ഭട്ട്

സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.റ്റി@സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.